# സ്നേഹത്തോടെ മലർവാടിക്ക്...





മലർവാടിയെ എനിക്ക് നല്ല ഇഷ്ടമാണ്. പദപ്രശ്നങ്ങൾ വളരെ താൽപര്യത്തോടെ ചെയ്യാറുണ്ട്. ചക്കര ഇഞ്ചിങ്ങ എന്ന കഥയും പെരുത്തിഷ്ടം.

**അമൻഷാ**, ക്ലാസ്സ് 3
എ.എം.എൽ.പി സ്കൂൾ
പയമ്പാലശ്ശേരി

പ്രിയ മലർവാടീ...
എനിക്ക് നിന്നെ വളരെയധികം ഇഷ്ടമാണ്. ഫെബ്രുവരി ആദ്യ ലക്കത്തിലെ പട്ടാളം പൈലിയിൽ കാദർക്കയുടെയും കുട്ടപ്പന്റെയും പൈലിയുടെയും സമരം അടിപൊളി ആയിരുന്നു. അവർക്ക് എന്തു നല്ല മനസ്സാണ്. ഇതേപോലെ നല്ല നല്ല കഥ പറഞ്ഞുതരുന്ന മലർവാടിക്ക് ഒരുപാട് ആശംസകൾ!

**ഹനാൻ.എച്ച്.ബി**, ക്ലാസ് 4
അൻസാർ ഇംഗ്ലീഷ് സ്കൂൾ,
പെരുമ്പിലാവ്

പ്രിയപ്പെട്ട മലർവാടീ,
ഞാൻ നിനക്ക് ആദ്യമായിട്ടാണ് കത്തെഴുതുന്നത്. എന്റെ ഇത്താത്ത മദ്രസയിൽ പഠിക്കുമ്പോൾ തൊട്ട് ഞാൻ മലർവാടി വായിക്കുമായിരുന്നു.
ചക്കര ഇഞ്ചിങ്ങ വളരെ ത്രില്ലിംഗ് ആണ്. പട്ടാളം പൈലി അതിലേറെ രസകരമാണ്. കുട്ടപ്പൻ ആണല്ലോ എപ്പോഴും പണിയൊക്കെ ഒപ്പിക്കുന്നത്. കഴിഞ്ഞ ലക്കത്തിലെ വൈറൽ വളരെയേറെ ഉപയോഗപ്രദമാണ്. പ്ലാസ്റ്റിക് ഇല്ലാതാക്കുന്നത് എത്രയോ നല്ലൊരു കാര്യമാണ്. കുഞ്ഞാവ വളരെ രസകരമായ ഒരു നോവലാണ്. അടുത്ത ലക്കത്തിനായി കാത്തിരിക്കുന്നു.

**ആമിന നജീബ് കെ എൻ.**
ഏഴാംക്ലാസ്, കൊച്ചിൻ പബ്ലിക് സ്കൂൾ, തൃക്കാക്കര

മലർവാടി വായിക്കാൻ എനിക്ക് വളരെയേറെ ഇഷ്ടമാണ് ഏറ്റവും കൂടുതൽ ഇഷ്ടം ചക്കര ഇഞ്ചിങ്ങയും കുഞ്ഞാവയും ആണ്. അടുത്ത ലക്കം മലർവാടി വരുന്നതും കാത്തിരിക്കുകയാണ് ഞാൻ.

**അമിൻ ശിഫാന**, ക്ലാസ് 5
ജി.എം.യു.പി സ്കൂൾ,
ആരാമ്പ്രം

സ്നേഹത്തോടെ മലർവാടിക്ക്,
ഞാൻ മലർവാടി സ്ഥിരമായി വായിക്കുന്നു. വായിക്കാൻ വളരെ സുഖമുണ്ട്. നല്ല അക്ഷരങ്ങളും ചിത്രങ്ങളും. പഠിക്കാനും ഒട്ടേറെ കാര്യങ്ങൾ ഉണ്ട്.

**സമീം സിയാൻ**, ക്ലാസ് 4
ഐഡിയൽ പബ്ലിക് സ്കൂൾ
കുറ്റ്യാടി

പ്രിയപ്പെട്ട മലർവാടിക്ക്,
എനിക്കും എന്റെ വീട്ടുകാർക്കും മലർവാടി ഏറെ ഇഷ്ടമാണ്. മലർവാടി ഞങ്ങൾക്ക് ഒരുപാട് കാര്യങ്ങൾ പഠിപ്പിച്ചു തന്നു. വണ്ടർഫുൾ ഇംഗ്ലീഷ് എന്ന പംക്തി വളരെ ഉപകാരപ്രദമാണ്. എല്ലാ തരത്തിലുമുള്ള സംശയങ്ങളും മാറ്റിത്തരുന്ന ശിഹാബ്ക്കയോട് ഞങ്ങളുടെ നന്ദി അറിയിക്കുന്നു.

**ഫഹ്മിദ നസ്റിൻ**
ക്ലാസ് 8
ജി.എച്ച്.എസ്.എസ്, പട്ടിക്കാട്

പ്രിയ മലർവാടീ...
വളരെ കാലമായി മലർവാടിക്ക് കത്തെഴുതാൻ ആഗ്രഹിക്കുന്നു. എനിക്ക് മലർവാടി ഒരുപാട് കാര്യങ്ങൾ പറഞ്ഞുതന്നു. രസിക്കാനുള്ള കഥകളും കവിതകളും ലേഖനങ്ങളും മലർവാടിയിലുണ്ട്.
പൂച്ചപോലീസ്, പട്ടാളം പൈലി, കുഞ്ഞുമോൻ, ഫേസ് ബുക്ക് കിട്ടു എല്ലാം നല്ല ഇഷ്ടമാണ്. പിന്നെ വണ്ടർഫുൾ ഇംഗ്ലീഷും വളരെ ഇഷ്ടമാണ്.

**ഫർഹ മുത്തലിബ്** ക്ലാസ് 8
എച്ച്.എസ്.എസ്, ചേന്ദമംഗല്ലൂർ



**നിങ്ങളുടെ കത്തുകൾ**
**മലർവാടി ദ്വൈവാരിക, ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്-12. കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും 8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.**